# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2487 12/02/2020-ൽ മറുപടിക്ക്

### വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ

| | ചോദ്യം<br><br>**ശ്രീ.എം.ഉമ്മർ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 37 ഡാമുകളുടെ പുനരുദ്ധാരണവും നവീകരണവും കെ.എസ്.ഇ.ബി ലിമിറ്റഡ് ഏറ്റെടുത്ത് നടപ്പിലാക്കി, പ്രധാന ഡാമുകളുടെ ഗേറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കി, ഡാമുകളുടെ റിമിംഗ് പ്രവർത്തികൾ, റോഡുകൾ തുടങ്ങിയ അനുബന്ധ സംവിധാനങ്ങൾ പൂർത്തിയാക്കി നവീകരിച്ച് ഹൈമാസ്റ്റ് വിളക്കുകൾ, നിരീക്ഷണ ബോട്ടുകൾ തുടങ്ങിയവ ലഭ്യമാക്കി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ 31 ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ (EAP) തയ്യാറാക്കി CWC വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 35 ഡാമുകളിൽ 31 എണ്ണം CWC മാനദണ്ഡ പ്രകാരമുള്ള ഓപ്പറേഷൻ & മെയിന്റനൻസ് മാനുവൽ തയ്യാറാക്കി CWC-ക്ക് സമർപ്പിച്ചു പ്രധാന ഡാമുകളിലെല്ലാം സാറ്റലൈറ്റ് ഫോണുകൾ ലഭ്യമാക്കി. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡി.ആർ.ഐ.പി.ലേക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച ധനസഹായം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | 10.06.2016 മുതൽ ഇന്നുവരെയുള്ള കാലയളവിൽ ഡ്രിപ്പ് ഇനത്തിൽ ലോകബാങ്ക് വിഹിതമായി 50,26,72,673/- രൂപയും സംസ്ഥാന ഗവൺമെന്റ് വിഹിതമായി 12,53,19,764/- രൂപയും കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡാമുകളുടെ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ ബജറ്ററി സപ്പോർട്ട് ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഡ്രിപ്പിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു. |

| | | | |
|---|---|---|---|
| | | | 2016 മാർച്ച് വരെ - 11,88,63,616/-<br><br>2016 ഏപ്രിൽ മുതൽ<br>നാളിതുവരെ - 84,96,19,479/-<br>**96,84,83,095/-**<br><br>ഇതിൽ 80% ലോക ബാങ്ക് വിഹിതവും 20% സംസ്ഥാന ഗവൺമെന്റ് വിഹിതവുമായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ